**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 907** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാഭ്യാസ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാനത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br><br>പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് പദ്ധതികളായ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി, സെൻട്രൽ പ്രിമെട്രിക് സ്കോളർഷിപ്പ് Comp 1 എന്നിവ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ കുടുബ വാർഷിക വരുമാന പരിധി 2.5 ലക്ഷമായി നിശ്ചയിച്ചിട്ടുണ്ട്.<br><br>സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് Comp II<br><br>പദ്ധതിയിൽ ജാതി, വരുമാനം എന്നിവ ബാധകമാക്കാതെ സ്കോളർഷിപ്പ് അനുവദിക്കുന്നു.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ കുടുബ വാർഷിക വരുമാന പരിധി 2.5 ലക്ഷമായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | ഇത് മൂലം നിലവിലെ സർക്കാരിന് അധിക ബാധ്യത ഉണ്ടായിട്ടുണ്ടോ; | (ബി) | **പട്ടികജാതി വികസന വകുപ്പ്**<br><br>ഉണ്ട്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിനു മുകളിലുള്ള വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് പൂർണ്ണമായും സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്. ആയതിനൊപ്പം കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ള വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിൽ കേന്ദ്രസർക്കാർ അനുവദിക്കാത്ത കംപോണന്റുകളായ അഡീഷണൽ സ്റ്റേറ്റ് അലവൻസ്, ഹോസ്റ്റൽ ഫീസ്, ഗവേഷണ വിദ്യാർത്ഥികളുടെ ഫെല്ലോഷിപ്പ് എന്നിവ പൂർണ്ണമായും സംസ്ഥാന സർക്കാർ അനുവദിക്കുന്നു.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്** |

<table>
<tr><td></td><td></td><td></td><td>കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിനു മുകളിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് പൂർണ്ണമായും സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്.</td></tr>
<tr><td>(സി)</td><td>എത്ര വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കാമോ?</td><td>(സി)</td><td><u>പട്ടികജാതി വികസന വകുപ്പ്</u><br><br>പിരിവ് 1 ൽ പരാമർശിച്ച പദ്ധതികൾ പ്രകാരം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br><table><tr><th>അധ്യയന വർഷം</th><th>വിദ്യാർത്ഥികളുടെ എണ്ണം</th></tr><tr><td>2024-25</td><td>119495</td></tr></table><br>2. സെന്റട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് - Comp I<br><table><tr><th>അധ്യയന വർഷം</th><th>വിദ്യാർത്ഥികളുടെ എണ്ണം</th></tr><tr><td>2024-25</td><td>47456</td></tr></table><br>3. സെന്റട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് - Comp II<br><table><tr><th>അധ്യയന വർഷം</th><th>വിദ്യാർത്ഥികളുടെ എണ്ണം</th></tr><tr><td>2024-25</td><td>404</td></tr></table><br>2025-26 അധ്യയന വർഷത്തെ സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സ്കോളർഷിപ്പ് അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ആയതിൻപ്രകാരം ലഭ്യമാകുന്ന സ്കോളർഷിപ്പ് ക്ലെയിമുകൾ അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി പേയ്മെന്റ് ചെയ്തു വരുന്നു.<br><br><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br><br>2024-25 അധ്യയന വർഷം 62,158 വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പും 14,427 വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും അനുവദിച്ചു</td></tr>
</table>

സെക്ഷൻ ഓഫീസർ